നം.20/2017/SRG/CC/15

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 29.11.2017-ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു.മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം ഹാജർ രജിസ്റ്റർ പ്രകാരം.

**1.പദ്ധതി പുരോഗതി അവലോകനം**

==========================

ഇതുവരെയുള്ള ആകെ പദ്ധതി ചെലവ് 28.78 ശതമാനമാണ്.
വിശദ വിവരം താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 31.75 | ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | - | 31.53 | ” |
| മുനിസിപ്പാലിറ്റി | - | 29.12 | ” |
| കോർപ്പറേഷൻ | - | 25.72 | ” |
| ജില്ലാ പഞ്ചായത്ത് | - | 16.83 | ” |
| **ആകെ** | | **28.78 ശതമാനം** | |

ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് തിരുവനന്തപുരം ജില്ലയും (31.14 ശതമാനം) ഏറ്റവും കുറവ് കോഴിക്കോട് ജില്ലയും (26.39 ശതമാനം) ആണ്. പൊതു വിഭാഗം പദ്ധതി ചെലവ് 28.28 ശതമാനവും എസ്.സി.എസ്.പി. വിഹിതത്തിന്റെ ചെലവ് 22.44 ശതമാനവും റ്റി.എസ്.പി. പദ്ധതി ചെലവ് 22.23 ശതമാനവും ആണ്. ആകെ 12,586 ബില്ലുകൾ ട്രഷറികളിൽ പെന്റിംഗ് ആണ്. ഇതിന്റെ 368.62 കോടി രൂപയാണ്.

**2.മുൻ കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

=======================================================================|

കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.09.2017, 19.10.2017, 01.11.2017, 15.11.2017 എന്നീ തീയതികളിലെ തീരുമാന പ്രകാരം നടപടി സ്വീകരിക്കാനുള്ളവയിന്മേൽ നടപടി സ്വീകരിച്ച് 13.12.2017-ലെ കോഓർഡി നേഷൻ കമ്മിറ്റി യോഗത്തിന് മുമ്പ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിലേയ്ക്ക് ബന്ധപ്പെട്ടവർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3.പൊതു തീരുമാനങ്ങൾ

====================

3.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 01.11.2017-ലെ തീരുമാനപ്രകാരം (ഖണ്ഡിക 3.1) സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതു സ്ഥലങ്ങളിലെ കിണറുകൾ റീ ചാർജ്ജു ചെയ്യാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി നൽകിയിരുന്നു. ഇതിന്റെ യൂണിറ്റ് നിരക്ക് നിശ്ചയിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.
ചീഫ് എഞ്ചിനീയറുടെ 17.11.2017-ലെ DB-753/12/CE/തസ്വഭവ നമ്പർ കത്തു പ്രകാരം താഴെപ്പറയുന്ന നിരക്ക് നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

(i) പരന്ന മേൽക്കൂരയുള്ള കെട്ടിടങ്ങളിൽനിന്ന് മഴവെള്ളം സംഭരിക്കുന്നതിന് – 20,500/- രൂപ

(ii) ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങൾക്കായി നിർമ്മിക്കുന്ന റീ ചാർജ്ജിംഗ് സംവിധാനത്തിന് – 24,500/- രൂപ

**തീരുമാനം :-** ഈ നിരക്ക് അംഗീകരിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ഡി)വകുപ്പ്

**3.2** കഴിഞ്ഞ വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പ്രോജക്ടുകളുടെ പൂർത്തീകരണപത്രം തയ്യാറാക്കിയിരുന്നത് മാർച്ച് 31-നു ശേഷമായിരുന്നു. മാർച്ച് മാസം 31-നു ശേഷം പൂർത്തീകരണപത്രം തയ്യാറാക്കി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിന് കാലതാമസമെടുക്കും. അതിനാൽ ഓരോ പ്രോജക്ടും പൂർത്തിയാക്കുമ്പോൾ തന്നെ പൂർത്തീകരണപത്രം തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ എൻട്രി ചെയ്യേണ്ടതാണ്.അതിനുള്ള ക്രമീകരണം ഐ.കെ.എം. സോഫ്റ്റ് വെയറിലും ചെയ്യണം. ഭൗതിക ലക്ഷ്യത്തിന് അനുസൃതമായി ഭൗതിക നേട്ടം തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർത്തീകരണ പത്രത്തോടൊപ്പം കൃത്യമായി ചേർക്കണം.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

**3.3** തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.സി.എസ്.പി/റ്റി.എസ്.പി വിഹിതം ശ്മശാനത്തിന് സ്ഥലം വാങ്ങാൻ ഉപയോഗിക്കരുത്.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**3.4** ചില തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുടുംബങ്ങൾ താമസിക്കുന്നില്ല. എന്നാൽ ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് റ്റി.എസ്.പി. വിഹിതം ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്മേൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

(1) ഈ വർഷം ഇങ്ങനെ ലഭിച്ച തുക തിരികെ എടുക്കാൻ ധനവകുപ്പ് നടപടി സ്വീകരിക്കണം. അത്തരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് അടിയന്തിര മായി ബന്ധപ്പെട്ട വകുപ്പുമേധാവികൾ ധന വകുപ്പിന് കൈമാറണം. ഇതിലേയ്ക്കായി ഇങ്ങനെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടിയന്തിരമായി വകുപ്പു മേധാവികൾ ശേഖരിക്കണം.

(2) ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ/പ്രദേശങ്ങളിൽ പട്ടിക വർഗ്ഗ വിഭാഗ കുടുംബങ്ങളുടെ എണ്ണം കൂടിയിട്ടുണ്ട്. അത്തരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ കൂടുതൽ റ്റി.എസ്.പി. ഫണ്ട് അനുവദിക്കണം. ഇതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട ഡയറക്ടർമാർ ശേഖരിച്ച് ധനവകുപ്പിനും സംസ്ഥാന ആസൂത്രണ ബോർഡിനും നൽകാനുള്ള നടപടി സ്വീകരിക്കണം.

നടപടി:- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

2) പഞ്ചായത്ത് ഡയറക്ടർ

3) നഗരകാര്യ ഡയറക്ടർ

4) ഗ്രാമവികസന കമ്മീഷണർ

3.5 ചില ജില്ലകളിൽ കരിങ്കല്ലിന്റേയും മറ്റും ദൗർബല്യമുണ്ട്. ഇത് നിർമ്മാണ പ്രവൃത്തികളെ ബാധിക്കുന്നുണ്ട്. ഇതു പ്രത്യേകമായി പരിശോധിച്ച് തീരുമാന മെടുക്കാനായി വിശദമായ കുറിപ്പ് പഞ്ചായത്ത് ഡയറക്ടറും തദ്ദേശസ്വയം ഭരണ ചീഫ് എഞ്ചിനീയറും ചേർന്ന് തയ്യാറാക്കി പ്രിൻസിപ്പൽ സെക്രട്ടറിക്കു നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ
3) പഞ്ചായത്ത് ഡയറക്ടർ

3.6 ലൈഫ് മിഷന്റെ ഭാഗമായി പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണത്തിന് ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാറ്റി വച്ച തുക അപര്യാപ്തമാണ്. ഗുണഭോക്താക്കളുടെ എണ്ണം കൂടുതലുള്ള ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ മതിയായ തുക കണ്ടെത്തുന്നതിന് പ്രത്യേകം ക്രമീകരണം ചെയ്യേണ്ടതായിട്ടുണ്ട്. അതിനാൽ ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതൊക്കെ ആണെന്നും അവിടങ്ങളിലെ ഗുണഭോക്താക്കളുടെ എണ്ണം, ആവശ്യമുള്ള തുക, ഇപ്പോൾ മാറ്റി വച്ചിരിക്കുന്ന തുക, ലഭ്യമായ പദ്ധതി വിഹിതത്തിൽ നിന്ന് പുനഃക്രമീകരണം/ പ്രത്യേക ക്രമീകരണം നടത്തി കണ്ടെത്തേണ്ട തുക എത്രയെന്ന് വിശദമായ റിപ്പോർട്ട് ലൈഫ് മിഷൻ ഏക്സിക്യൂട്ടീവ് ഓഫീസർ എത്രയും വേഗം നൽകണം. അതിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വേണ്ടി പ്രത്യേകം പ്രത്യേകം ക്രമീകരണം നടത്തുന്നതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
ലൈഫ് മിഷൻ

3.7 ഭവന നിർമ്മാണത്തിന് ഗ്യാപ് ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ ഹഡ്കോ തയ്യാറാണെന്ന് ഹഡ്കോ പ്രതിനിധികൾ യോഗത്തിൽ അറിച്ചു. ഹഡ്കോയുടെ ധനസഹായം അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടും ഉപയോഗപ്പെടുത്താവുന്നതാണ്. ഹഡ്കോ ധനസഹായം എപ്രകാരം ഉപയോഗപ്പെടുത്താമെന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാൻ യോഗം തീരുമാനിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

3.8 പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, മറ്റു വകുപ്പുകൾ/ ഓഫീസുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമായ റിപ്പോർട്ടുകൾ ഐ.കെ.എം- ൽ നിന്ന് കൃത്യമായി നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഐ.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

3.9 പൊതു മരാമത്തുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രിൻസിപ്പൽ സെക്രട്ടറിയുമായി വിശദമായി ചർച്ച ചെയ്ത് വ്യക്തത വരുത്തിയതിനുശേഷം ഇതിന്മേൽ ഉത്തരവ്/സർക്കുലർ ഇറക്കാൻ തീരുമാനിച്ചു.

- കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ ജില്ലാ പഞ്ചായത്തുകളിലെ പ്രധാനപ്പെട്ട ട്രാഫിക് കൂടിയ റോഡുകൾ/ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ബൈപാസ് ആയി ഉപയോഗിക്കുന്ന റോഡുകൾ എന്നിവ ടാർ ചെയ്യുമ്പോൾ നിലവിലുള്ള crest thickness കൂടി പരിശോധിച്ച് Traffic axle load ഉം CBR ഉം മനസ്സിലാക്കി IRC SP 72-ലെ പ്രകാരം ഡിസൈൻ ചെയ്ത് തയ്യാറാക്കേണ്ടതാണ്. അതുപോലെ തന്നെ പ്രധാനപ്പെട്ട എല്ലാ റോഡുകളിലും pot- hole fill ചെയ്ത് Bituminous Macadam (BM) levelling course നൽകി 40mm Bituminious Concreat (BC) പ്രവൃത്തി MoRTH Specification-ൻ ചെയ്യുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു. താരതമ്യേന ട്രാഫിക് കുറഞ്ഞിടത്ത് 20mm chipping carpet MoRTH /MoRD-ലോ തുടരാവുന്നതാണ്.
- റോഡ് നിർമ്മിക്കുമ്പോൾ വെള്ളക്കെട്ടുള്ള /മഴക്കാലത്ത് വെള്ളം കയറാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ soil properties –ൽ ഉണ്ടാകുന്ന വ്യതിയാനം കണക്കിലെടുത്ത് ആ ഭാഗങ്ങളിൽ suitable – thickness –ൽ ഉള്ള concreat paving block ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.
- ടെണ്ടർ ചെയ്യുമ്പോൾ ആദ്യത്തെ പ്രാവശ്യം single tender ആണ് ലഭിക്കുന്നതെങ്കിൽ, വീണ്ടും ടെണ്ടർ ചെയ്യേണ്ടതാണ്. റീ – ടെണ്ടറിൽ ലഭിക്കുന്ന single – tender എസ്റ്റിമേറ്റ് റേറ്റിലോ എസ്റ്റിമേറ്റ് റേറ്റിൽ കുറവോ ആണെങ്കിൽ അംഗീകരിക്കാവുന്നതാണ്. ടെണ്ടർ കാലയളവ് പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരം പരമാവധി 10 ദിവസമാണ്. ആയതിനാൽ ടെണ്ടർ/ റീ–ടെണ്ടർ ചെയ്യുന്നതിന് പത്ത് ദിവസത്തിൽ കൂടുതൽ നൽകേണ്ടതില്ല.
- ഇതിനോടകം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പ്രോജക്ടുകൾക്ക് PRICE – ലൂടെ സാങ്കേതികാനുമതിയും സുലേഖ സോഫ്റ്റ് വെയറിലൂടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. 2017 ഒക്ടോബർ 3 മുതൽ പ്രൈസ് സോഫ്റ്റ് വെയറിൽ കോസ്റ്റ് ഇൻഡക്സ് പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്. ഇതിൻ പ്രകാരം നിരക്കിൽ 4% മുതൽ 13% വരെ കുറവ് വന്നിട്ടുണ്ട്. ഈ തീയതിക്ക് (03.10.2017) മുൻപ് സാങ്കേതികാനുമതി ലഭ്യമാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇനിയും പുതിയ കോസ്റ്റ് ഇൻഡക്സിലേയ്ക്ക് പുതുക്കി തയ്യാറാക്കേണ്ടതില്ല. നിലവിൽ ലഭ്യമായ എസ്റ്റിമേറ്റ് ഉപയോഗിച്ച് ടെണ്ടർ/മറ്റ് മാർഗ്ഗങ്ങൾ മുഖേന തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇതിനോടകം പ്രൈസ് സോഫ്റ്റ് വെയറിൽ പഴയ കോസ്റ്റ് ഇൻഡക്സ് ഉപയോഗിച്ച് സാങ്കേതികാനുമതി ലഭ്യമാക്കിയത് ക്യാൻസൽ ചെയ്യുകയും പുതിയ കോസ്റ്റ് ഇൻഡക്സിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. പ്രൈസ് സോഫ്റ്റ് വെയറിൽ വീണ്ടും പഴയ നിരക്കിൽ സാങ്കേതികാനുമതി നൽകുന്നതിന് സാധ്യമല്ല. ഈ സാഹചര്യത്തിൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള പക്ഷം പഴയ നിരക്കിലുള്ള ടെണ്ടർ ബി.ഒ.ക്യു (ടെണ്ടർ ഷെഡ്യൂൾ) ഇ-ടെണ്ടർ പോർട്ടലിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ടി ബി.ഒ.ക്യു. ഉപയോഗിച്ച് വീണ്ടും റീ- ടെണ്ടർ ചെയ്യാവുന്നതാണ്. ടി ബി.ഒ.ക്യു (ടെണ്ടർ ഷെഡ്യൂൾ)-വോ പഴയ നിരക്കിൽ പ്രൈസിൽ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിന്റെ പകർപ്പോ ഉപയോഗിച്ച് മാന്വൽ ആയി സാങ്കേതികാനുമതി നൽകാവുന്നതും ടെണ്ടർ/തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

- 03.10.2017-ന് പുതിയ കോസ്റ്റ് ഇൻഡക്സ് നിലവിൽ വന്നതിനാൽ അതിന് ശേഷം പ്രൈസ് സോഫ്റ്റ് വെയറിലൂടെ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ പുതുക്കിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം തയ്യാറാക്കേണ്ടതാണ്.
- ഗവൺമെന്റ് ഹയർ സെക്കന്ററി/ഹൈസ്കൂൾ എന്നിവയുടെ പഴയ/ ഉപയോഗ ശൂന്യമായ കെട്ടിടങ്ങൾ/ടോയ് ലറ്റുകൾ എന്നിവ പൊളിച്ചു മാറ്റുമ്പോൾ ആയതിന് വാലുവേഷൻ തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ/മുനിസിപ്പാലിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ/കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തുന്നു.
- ഗവ. യുപി/എൽ.പി. സ്കൂളുകളുടെ/ഉപയോഗ ശൂന്യമായ കെട്ടിടങ്ങൾ/ടോയ് ലറ്റുകൾ എന്നിവ പൊളിച്ചു മാറ്റുമ്പോൾ ആയതിന് വാല്യുവേഷൻ തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനും ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/മുനിസിപ്പൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ/കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തുന്നു
- മേൽ രീതിയിൽ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുമ്പോൾ പൈതൃക കെട്ടിടങ്ങൾ ആണെങ്കിൽ പുരാവസ്തു വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനും മേൽ ഉദ്യോഗസ്ഥരെ തന്നെ ചുമതലപ്പെടുത്തുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്<br>2) തദ്ദേശസ്വയംഭരണ വകുപ്പ്<br>ചീഫ് എഞ്ചിനീയർ

**3.10 എസ്.സി.എസ്.പി./റ്റി.എസ്.പി പദ്ധതികളുടെ നിർവഹണം സംബന്ധിച്ച് 09.11.2017-ൽ ബഹു. പട്ടികജാതി /പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ - നിയമ സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങളും നിർദ്ദേശങ്ങളും ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.**

1. പട്ടികജാതി – പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന സമാന പദ്ധതികൾക്ക് ഭാവിയിൽ ഒരേ നിരക്കും ഒരേ മാനദണ്ഡവും പാലിക്കണം.
2. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പുതുതായി നടപ്പിലാക്കുന്ന പഠനമുറി പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് (കെട്ടിട നിർമ്മാണത്തിന്) 2.00 ലക്ഷം രൂപയാക്കി പുതുക്കി നിശ്ചയിച്ചു. നടപ്പുവർഷം പഠനമുറിക്ക് ആവശ്യമായ ഫർണിച്ചറുകളടക്കം

മറ്റു സൗകര്യങ്ങൾ  എന്നിവ പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്നു നടപ്പിലാക്കണം. പഠനമുറിക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകണം.  വരും വർഷങ്ങളിൽ നിശ്ചിത എണ്ണം പഠന മുറികൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും  തദ്ദേശസ്വയംഭരണ വകുപ്പും  ഒരേ മാനദണ്ഡ പ്രകാരം  സംയുക്തമായി  നടപ്പിലാക്കണം.

3. വൈദ്യുതി, കുടിവെള്ളം  എന്നീ പൊതു സൗകര്യ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് താഴെപ്പറയുന്ന രീതി സ്വീകരിക്കാവുന്നതാണ്.
   a) 51% ഗുണഭോക്താക്കൾ SC/ST അല്ലാത്ത പക്ഷം  മൊത്തം ഗുണഭോക്തൃ കുടുംബങ്ങളിൽ 25 ശതമാനമെങ്കിലും  പട്ടികവർഗ വിഭാഗ കുടുംബങ്ങളുണ്ടെങ്കിൽ ആനുപാതികമായി (proportionate)SCSP/TSP വിഹിതം വിനിയോഗി ക്കാവുന്നതാണ്.
   b) അംഗീകൃത  പട്ടികജാതി/പട്ടികവർഗ്ഗ കോളനി/സങ്കേതങ്ങളിലേയ്ക്കു റോഡ് നിർമ്മാണത്തിനുള്ള പ്രോജക്ടുകൾക്ക്  കോളനിക്കകത്തുള്ള ഭാഗവും (Internal Road) പുറത്തുള്ള ഭാഗവും  ഒറ്റ എസ്റ്റിമേറ്റിൽ വരുന്ന പക്ഷം  51 ശതമാനം ഗുണഭോക്താക്കൾ പട്ടിക വിഭാഗക്കാരായാൽ SCSP/TSP ഫണ്ട് വിനിയോഗിക്കാമെന്ന് നിർദ്ദേശിക്കുന്നു.
   c) പട്ടികജാതി/പട്ടികവർഗ്ഗ  കോളനി/സങ്കേതങ്ങൾക്കുള്ളിൽ നിർമ്മിക്കുന്ന റോഡുകൾക്ക്  കുറഞ്ഞ വീതി നിഷ്കർഷിക്കേണ്ടതില്ല എന്ന് നിശ്ചയിച്ചു. സങ്കേതങ്ങൾക്ക് പുറത്തുള്ള ഭാഗത്തിന് കുറഞ്ഞത് 3 മീറ്ററെങ്കിലും  വീതി ഉണ്ടാകണമെന്നും  സങ്കേതങ്ങൾക്കുള്ളിലേയ്ക്കുള്ള റോഡുകൾക്ക് മാത്രമേ SCSP/TSP ഫണ്ട്  അനുവദിക്കാവൂ എന്നും തീരുമാനിച്ചു.
4. പദ്ധതി നിർവഹണത്തിലെ തടസ്സങ്ങൾ ലഘൂകരിക്കുന്നതിനായി  പുതുതായി രൂപീകരിച്ച  28 നഗരസഭകളിൽ SCDOമാരുടെ  തസ്തിക സൃഷ്ടിക്കുന്നതുവരെ ബന്ധപ്പെട്ട ബ്ലോക്കിലെ (നേരത്തേ ചാർജ്ജുണ്ടായിരുന്ന) SCDOമാർ നിർവഹണ ഉദ്യോഗസ്ഥരായി തുടരേണ്ടതാണ്. ഇവർക്ക്  ആവശ്യമായി  വരുന്ന ക്ലറിക്കൽ സപ്പോർട്ട് നഗരസഭകൾ നൽകേണ്ടതാണ്.
5. SCSPയിൽ നടപ്പാതകൾ നിർമ്മിക്കുമ്പോൾ കുറഞ്ഞത് 5 വീടുകളെങ്കിലും (പട്ടികജാതി വിഭാഗ ഗുണഭോക്തൃ കുടുംബങ്ങൾ) ഒരു ക്ലസ്റ്ററായി ഉണ്ടാകണം.
6. അംബേദ്ക്കർ ഗ്രാമ വികസന പരിപാടികളുടെ മാതൃകയിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സങ്കേത വികസന പരിപാടികൾ ഏറ്റെടുക്കാവുന്ന താണെന്ന് നിർദ്ദേശിച്ചു.
7. എല്ലാ ഡി.പി.സി. മീറ്റിംഗുകളിലും SCSP/TSP പദ്ധതികളുടെ അവലോകനം  ഒരു അജണ്ട ഐറ്റമായി  ഉൾപ്പെടുത്തേണ്ടതാണ്.

## 4. പ്രത്യേക വിഷയങ്ങൾ

==================

### 4.1 അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.11.2017-ലെ A4-3043/17-ാം നമ്പർ കത്ത്.

ഇ.എംഎസ്. ഭവന പദ്ധതിയിൽ ലഭിച്ച തുക വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെടേയും പ്രസിഡന്റിന്റേയും പേരിൽ ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ കിടപ്പുണ്ട്. പൊതു വിഭാഗത്തിൽ 24,75,000/ രൂപയും എസ്.സി. എസ്.പിയിൽ 3,93,008/- രൂപയും. പഞ്ചായത്തിൽ ലൈഫ് പദ്ധതി യിൽ ഉൾപ്പെടുത്തി ഫ്ലാറ്റ് നിർമ്മിക്കുന്നുണ്ട്. ഈ തുക ലൈഫ് പദ്ധതിയിലേയ്ക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

### 4.2 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.10.2017-ലെ 2152/C1/2016/SM/ (LSGD-DC1/554/2017/LSGD) നമ്പർ കത്ത്

ഹരിതകേരള മിഷനും മാലിന്യ സംസ്കരണത്തിനുമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വികസന ഫണ്ടിൽ നിന്നും തുക മാറ്റി വച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ഗ്രാമപഞ്ചായത്ത് – നഗരസഭാതലങ്ങളിൽ ഹരിത കർമ്മ സേന രൂപീകരിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഹരിത കർമ്മസേന ഫലപ്രദമായി പ്രവർത്തിച്ച് യൂസർഫീ ലഭിച്ചു തുടങ്ങാൻ കാലതാമസമുണ്ടാകുമെന്നതിനാൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും വയബിലിറ്റി ഗ്യാപ് ഫണ്ടായി ആറു മാസത്തേയ്ക്ക് താഴെപ്പറയും പ്രകാരം തുക നീക്കി വയ്ക്കുവാൻ അനുമതി സംബന്ധിച്ച്.

1) ഗ്രാമപഞ്ചായത്തുകൾക്ക് ഒരു വാർഡിന് – 23,175/- രൂപ
2) മുനിസിപ്പാലിറ്റികൾക്ക് ഒരു വാർഡിന് - 46,350/- രൂപ
3) കോർപ്പറേഷനുകൾക്ക് ഒരു വാർഡിന് – 92,700/- രൂപ

**തീരുമാനം :-** ധനകാര്യവകുപ്പിന്റെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അംഗീകരിച്ചു

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.സി.) വകുപ്പ്

### 4.3 ഹരിത കേരള മിഷന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി താഴെപ്പറയുന്ന നിരക്കിൽ തുക ചെലവഴിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് ഹരിത കേരള മിഷൻ വൈസ് ചെയർപേഴ്സൺ യോഗത്തിൽ ആവശ്യപ്പെട്ടു.

1) ഗ്രാമപഞ്ചായത്ത് - 25,000/- രൂപ
2) മുനിസിപ്പാലിറ്റികൾ - 50,000/- രൂപ
3) കോർപ്പറേഷൻ - 1,00,000/- രൂപ

**തീരുമാനം:-** മുകളിൽ പറഞ്ഞ പരിധിക്ക് വിധേയമായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.സി.) വകുപ്പ്

**4.4 എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.05.2017-ലെ A3-5238/16-ാം നമ്പർ കത്ത് ( 1766619/2017/DA/LSGD)**

2016-17-ൽ പ്ലാസ്റ്റിക്ക് ശേഖരിച്ച് റീസൈക്ലിംഗ് യൂണിറ്റിൽ എത്തിക്കുന്നതിന് 3 കുടുംബശ്രീ പ്രവർത്തകർക്ക് പ്രതിമാസം 5000/- രൂപ നിരക്കിൽ ഓണറേറിയം നൽകിക്കൊണ്ടുള്ള പ്രോജക്ട് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ നടപ്പാക്കി വരുന്നു. ഈ വർഷവും ഇതേ നിരക്കിൽ ഓണറേറിയം നൽകി പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** പ്രോജക്ട് നിർവഹണം രണ്ടാം വർഷത്തേയ്ക്ക് കടന്നതിനാൽ യൂസേഴ്സ് ഫീ ലഭിക്കുന്നുണ്ടോ എന്നു പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുക്കും.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

**4.5 ആലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.11.2017-ലെ കത്ത് (LSGD – DA1/866/2017-LSGD)**

മുട്ടക്കോഴി വിതരണത്തിനുള്ള സബ്സിഡി നിരക്ക് മാർഗ്ഗരേഖ പ്രകാരം 50 ശതമാനമാണ്. ഇത് 75 ശതമാനമായി വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു. മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തണോ എന്നത് പിന്നീട് പരിഗണിക്കും.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

**4.6 അടൂർ നഗരസഭാ ചെയർമാന്റെ 06.10.2017-ലെ കത്ത്**

2011-12 വർഷം എസ്.സി.എസ്.പി ഫണ്ട് ഉപയോഗിച്ച് പട്ടികജാതി വിഭാഗക്കാർക്ക് ശ്മശാന നിർമ്മാണത്തിന് സ്ഥലം വാങ്ങിയിരുന്നു. ഈ സ്ഥലം പൊതു വിഭാഗത്തിന് ശ്മശാനം പണിയുന്നതിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു. ക്രിമിറ്റോറിയം പണിയുന്നതിനുള്ള ചെലവ് പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നോ മറ്റു പൊതു ഫണ്ടിൽ നിന്നോ വഹിക്കണം.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**4.7 ഇടുക്കി ജില്ലാ കളക്ടറുടെ 13.11.2017-ലെ 50/17/DPC/DPO/IDKനമ്പർ കത്തും ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2017-ലെ കത്തും**

ഇടുക്കി ജില്ലാ പഞ്ചായത്ത് ''ക്ഷീര സമൃദ്ധി'' എന്ന പ്രോജക്ട് ഈ വർഷം സ്പിൽ ഓവർ ആയി തുടരുന്നുണ്ട്. ആകെ അടങ്കൽ 1.50 കോടി രൂപ. വികസനഫണ്ട് 75.00 ലക്ഷം രൂപ. 5 പേരുള്ള ഗ്രൂപ്പുകളായുള്ള ക്ഷീര കർഷകർക്ക് ബാങ്കിൽ നിന്നെടുക്കുന്ന ലോണിന് ബാക്ക് എൻഡ് സബ്സിഡി നൽകാനാണ് ലക്ഷ്യം. പശുക്കളെ എല്ലാവരും വാങ്ങിച്ചുവെന്നതിനാൽ സബ്സിഡി തുക ബാങ്കിലേയ്ക്ക് നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** ഇത് പരിശോധിച്ച് ജില്ലാ മൃഗസംരക്ഷണ ഓഫീസർ പഞ്ചായത്ത് ഡയറക്ടർ മുഖേന റിപ്പോർട്ട് നൽകണം. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

**4.8 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്**

2017-18 വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിന് 42.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്(പ്രോ.നം.69/17). വെറ്റിംഗ് ഓഫീസറും അപ്പലേറ്റ് കമ്മിറ്റിയും ഇതിന് അംഗീകാരം നൽകിയിട്ടില്ല. പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ഗ്രാമപഞ്ചായത്തുകൾ മുഖേനയോ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ് വാങ്ങിയോ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്

**4.9 മലയാറ്റൂർ - നീലീശ്വരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.11.2017-ലെ A3-7442/17-ാം നമ്പർ കത്ത്**

2014-15-ലെ താഴെപ്പറയുന്ന 2 പ്രോജക്ടുകൾ സ്പിൽ ഓവറായി ഈ വർഷം തുടരുന്നുണ്ട്.

1) പ്രോ.നം.11/18 കല്ലേക്കാട് കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ്

2) പ്രോ.നം. 29/18 വിജ്ഞാനവാടി ടോയ് ലറ്റ്

ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 16,21,000/- രൂപയാണ്. ഈ തുക 2017-18-ലെ വാലിഡേഷനിൽ വരും. എന്നാൽ പശ്ചാത്തല മേഖലയിൽ അനുവദനീയ തുക 15,28,000/- രൂപയാണ്. 93,000/- രൂപ അധികമാണ്. വാലിഡേഷൻ ശരിയാക്കാൻ അധിക തുകയായ 93,000/- രൂപ തനത് ഫണ്ടിൽ ഉൾപ്പെടുത്തി പ്രോജക്ട് ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ഏതെങ്കിലും ഒരു പ്രോജക്ടിൽ എസ്.സി.എസ്.പി. വിഹിതമായ 93,000/- രൂപ കുറവ് ചെയ്ത് പകരം തനത് ഫണ്ട് ചേർത്ത് ഭേദഗതി ചെയ്യാൻ അനുമതി നൽകുന്നു. ഇതിന് ഈ പഞ്ചായത്തിന് മാത്രമായി സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം ഐ.കെ.എം. നടത്തണം.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

**4.10 വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.11.2017-ലെ കത്ത്**

വാഴൂർ ഗ്രാമപഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടം പൂർത്തിയായി വരുന്നു. ഇതിന്റെ ഉത്ഘാടനം ഡിസംബർ 29-ാം തീയതിയായതിനാൽ കെട്ടിടത്തിന്റെ ഇന്റീരിയർ/ഫർണിഷിംഗ് പ്രവർത്തികൾ നടത്താനായി തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം -** തനത് ഫണ്ട് ഉപയോഗിച്ച് ഇപ്രകാരം പ്രോജക്ട് തയ്യാറാക്കാനുള്ള അനുമതി നൽകുന്നു. സുലേഖ സോഫ്റ്റ് വെയറിൽ ഇതിനുള്ള ക്രമീകരണം ഈ പഞ്ചായത്തിനു മാത്രമായി ഐ.കെ.എം. നടത്തണം

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

**4.11 ചേലാമ്പ്ര ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 14.11.2017-ലെ B1-6975/17ാം നമ്പർ കത്തും 19.10.2017-ലെ 1(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

2014-15 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന താഴെപ്പറയുന്ന പ്രോജക്ടുകൾ സ്പിൽഓവറായി തുടരുന്നുണ്ട്. എന്നാൽ ഇവ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ വിട്ടുപോയി. ഇതുൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(1) പ്രോ.നം. 170- ചേലൂപ്പാടം പൈങ്ങോട്ടൂർ റോഡ് സൈഡ് കെട്ട് - റീടാറിംഗ്

(2) പ്രോ.നം.183 - പൈങ്ങോട്ടൂർ അടേട്ട് റോഡ് സൈഡ് കെട്ട്.

**തീരുമാനം -** അനുമതി നൽകുന്നു. ഇതിനുള്ള സൗകര്യം ഈ പഞ്ചായത്തിനുമാത്രമായി ഐ.കെ.എം. നടത്തണം

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

**4.12 തഴവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്. (ലഭിച്ചത് 13.11.2017)**

റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. മാർഗരേഖ പ്രകാരം 50 ശതമാനമാണ് സബ്സിഡി. 50 ശതമാനം ഗുണഭോക്തൃ വിഹിതം. ഗുണഭോക്തൃ വിഹിതം 10 ശതമാനമായി കുറയ്ക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** നിരസിച്ചു

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

4.13 **ആലപ്പുഴ ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറിയുടെ 16.11.2017-ലെ D3-2222/14-ാം നമ്പർ കത്ത്**

ആലപ്പുഴ ജില്ലയിൽ കുട്ടികളുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവഹണ ഏജൻസിയായി ജില്ലാ ശിശുക്ഷേമ സമിതിയെ അംഗീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

4.14 **ബഹു. ചെങ്ങന്നൂർ എം.എൽ.എ.യുടെ 08.11.2017-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.11.2017-ലെ കത്തും.**

(i) ലൈഫ് പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ധനസഹായം നൽകുന്നത് വികസനഫണ്ടും IAY പദ്ധതിയിൽ ചെലവഴിക്കാത്ത തുകയും ചേർത്താണ്. ഇതിലെ വികസന ഫണ്ട് വിഹിതം ട്രഷറിയിൽ നിന്ന് പിൻവലിച്ച് ബാങ്കിൽ നിക്ഷേപിക്കാൻ അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം-** നിരസിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

(ii) **16.08.2017-ലെ ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ 3(1)-ാം നമ്പർ തീരുമാനപ്രകാരമുള്ള താഴെപ്പറയുന്ന ആവശ്യം സംബന്ധിച്ച്**

A) പാലിയേറ്റീവ് നേഴ്സിന്റെ വേതനം വർദ്ധിപ്പിക്കണം

B) ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവന ദിനങ്ങളും വേതനവും വർദ്ധിപ്പിക്കണം

C) പാലിയേറ്റീവ് നേഴ്സിനോടൊപ്പം നേഴ്സിംഗ് അസിസ്റ്റന്റിനേയും നിയമിക്കാൻ അനുമതി വേണം

D) പാലിയേറ്റീവ് ഹോം കെയർ പരിപാടിക്ക് സ്വകാര്യ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്താൻ അനുമതി വേണം.

**തീരുമാനം** മാർഗ്ഗരേഖ പരിഷ്ക്കരിക്കുമ്പോൾ ഇതും പരിഗണനാ വിഷയമാക്കുന്നതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്

2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

(iii) **16.08.2017-ലെ ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ 22(1)-ാം നമ്പർ തീരുമാനപ്രകാരമുള്ള താഴെപ്പറയുന്ന ആവശ്യം സംബന്ധിച്ച്**

മാർക്കറ്റുകൾ, ആശുപത്രികൾ, ആഡിറ്റോറിയങ്ങൾ തുടങ്ങിയ പൊതു സ്ഥലങ്ങളിൽ ബിന്നുകൾ സ്ഥാപിക്കുന്നുണ്ട് (മെറ്റീരിയൽ റിക്കവറി സെന്ററിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി). ഫൈബർ ബിന്നുകൾ

സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് വെറ്റിംഗ് ഓഫീസർ നിരസിച്ചു. അനുമതി സംബന്ധിച്ച്

**തീരുമാനം** ഫൈബർ ബിന്നുകൾ സ്ഥാപിക്കാൻ അനുമതി നൽകേണ്ടതില്ലെന്ന് ശുചിത്വ മിഷൻ പ്രതിനിധി അറിയിച്ചതനുസരിച്ച് അനുമതി നിരസിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ഡി)വകുപ്പ്

**4.15 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 03.08.2017-ലെ D/170/17ാം നമ്പർ കത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ 58 വർഷം പഴക്കമുള്ള കെട്ടിടത്തിന്റെ രൂപ ഭംഗി നിലനിർത്തി നവീകരിക്കുന്നതിന് ആർക്കിടെക്ചർ എൻജിനീയറുടെ സേവനം വേണം. സ്വകാര്യ ഏജൻസിയെ പൊതു ടെണ്ടറിലൂടെ കണ്ടെത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ഡി)വകുപ്പ്

**4.16 പെരിന്തൽമണ്ണ നഗരസഭാ ചെയർമാന്റെ 15.11.2017-ലെ കത്ത്.**

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ എൽ.പി./യു.പി സ്കൂളുകളിലായി ആകെ 171 ക്ലാസ് മുറികൾ ഉണ്ട്. ഇതിൽ 24 ക്ലാസ് മുറികൾ ഗവ.സ്കൂളുകളുടേയും 147 ക്ലാസ് മുറികൾ എയ്ഡഡ് സ്കൂളുകളുടേതുമാണ്. എയ്ഡഡ് സ്കൂളുകളിലെ ക്ലാസ് മുറികൾക്ക് കൂടി ഹൈടെക് സാങ്കേതിക വിദ്യ നൽകി ആധുനിക വത്ക്കരിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** സർക്കാർ സ്കൂളുകളിലെ ക്ലാസ് മുറികൾ ആധുനികവൽക്കരിച്ചതിനുശേഷമേ എയ്ഡഡ് സ്കൂളുകളെ പരിഗണിക്കാവൂ എന്ന നിബന്ധനയോടെ അനുമതി നൽകുന്നു

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്

**4.17 തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.10.2017-ലെ കത്ത്.**

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എല്ലാ വർഷവും കലാ-കായിക സാംസ്കാരിക സമുച്ചയം എന്ന പദ്ധതി ഏറ്റെടുക്കാറുണ്ട്. നാടക-ചലചിത്രോത്സവങ്ങൾക്കും നാട്ടറിവ് പോലുള്ള പരിപാടികൾക്കും ധനസഹായം നൽകുകയാണ് ഉദ്ദേശ്യം. ഈ വർഷവും പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട് (പ്രോ.നം.781/18, അടങ്കൽ 20.00 ലക്ഷം രൂപ). വെറ്റിംഗ് ഓഫീസറും അപ്പലേറ്റ് കമ്മിറ്റിയും നിരസിച്ച ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** 1998 മുതൽ നടപ്പാക്കുന്ന പരിപാടിയാണെന്നതിനാൽ പ്രത്യേക അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്

**4.18 ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.11.2017-ലെ C1-936/17-ാം നമ്പർ കത്ത്**

ശുദ്ധജല വിതരണത്തിന്റെ ഭാഗമായി ഗാർഹിക കണക്ഷൻ നൽകാനുള്ള പ്രോജക്ട് സ്പിൽഓവറായി തുടരുന്നുണ്ട്.(പ്രോ.നം.193/17, അടങ്കൽ 15,44,000/- രൂപ. എന്നാൽ പൈപ്പ് ലൈൻ നീട്ടൽ കൂടി നടത്തിയാലേ ഗാർഹിക കണക്ഷൻ നൽകാൻ കഴിയൂ. ലൈൻ നീട്ടൽ എന്ന ഘടകം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു കൂടി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** അധിക തുക ആവശ്യമില്ല എന്ന് അറിയിച്ചതനുസരിച്ച് ലൈൻ നീട്ടൽ എന്ന ഘടകം കൂടി കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി നൽകുന്നു

നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പ്

**4.19 മൺറോ തുരുത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.11.2017-ലെ A1/2020/2017-ാം നമ്പർ കത്ത്**

കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിക്കപ്പെട്ട കുടുംബ ങ്ങൾക്ക് താൽക്കാലിക കെട്ടിട നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത്തരം വീടുകളിൽ താമസിക്കുന്ന അർഹരായ പട്ടികജാതി കുടുംബങ്ങൾക്ക് പഠനമുറി പണിയാൻ ധനസഹായം നൽകാൻ കഴിയുമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം -** പട്ടികജാതി വിഭാഗത്തിലുള്ളതായതിനാൽ ഇത്തരം ഭവന ങ്ങളിലും ഈ പഞ്ചായത്തിനു മാത്രം പഠനമുറി നിർമ്മിച്ചു നൽകാൻ അനുമതി നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്

**4.20 കുണ്ടറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2017-ലെ pre/kgp/01/17-ാംനമ്പർ കത്ത്**

ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിന് 7,00,000/- രൂപ ഉൾപ്പെടുത്തി 2017-18-ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 107/18– വികസനഫണ്ട് 3,32,500/- രൂപ. ധനകാര്യ കമ്മീഷൻ ഗ്രാന്റ് 3,67,500/- രൂപ.) ഈ പ്രോജക്ട് വനിതാ ഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2 പേർക്ക് തുക നൽകി (ആകെ 10,000/- രൂപ). പുതിയ വി.ഇ.ഒ വനിതാ ഘടക പദ്ധതിയിൽ ഇത് ഉൾപ്പെടുത്താവുന്നതല്ല എന്നറിയിച്ചതനുസരിച്ച് വനിതാ ഘടക പദ്ധതിയിൽ തന്നെ നിർവഹണം നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം -** അനുമതി നിരസിച്ചു. ഈ പ്രോജക്ട് വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. വികസന ഫണ്ടിൽ നിന്ന് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്ന 3,32,500/- രൂപയ്ക്കു പകരം ധനകാര്യ കമ്മീഷൻ

ഗ്രാന്റോ, തനത് ഫണ്ടോ ഉൾപ്പെടുത്തി നടപ്പാക്കേണ്ട താണ്.

നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പ്

**4.21 കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർപ്രൈസസ് (KSIE) ചെയർമാന്റെ 04.11.2017-ലെ KSIE/MK TG/2017-18-ാം നമ്പർ കത്ത്**

സൗരോർജ്ജപാനലുകൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ട് നടപ്പാക്കുന്നുണ്ട്. ഇതിൽ ചില പ്ലാന്റുകളിൽ നിന്ന് കെ.എസ്.ഇ.ബി.ഗ്രിഡിലേയ്ക്ക് വൈദ്യുതി നൽകുന്നുമുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ നടപ്പാക്കാനുള്ള ഏജൻസിയായി KSIE യെ അംഗീകരിക്കണമെന്നാവശ്യം സംബന്ധിച്ച്.

**തീരുമാനം -** ആവശ്യം നിരസിക്കുന്നു.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്

**4.22 പത്തനംതിട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ 10.11.2017-ലെ കത്തും, റാന്നി BDOയുടെ 26.10.2017-ലെ കത്തും 11.08.2017-ലെ XV-ാം നമ്പർ ഭരണസമിതി തീരുമാനവും**

2016-17-ൽ റാന്നി താലൂക്ക് ആശുപത്രിക്ക് സ്വീവേജ് ട്രീറ്റ് മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 70.00 ലക്ഷം (55 ലക്ഷം രൂപ വികസനഫണ്ട്, 15.00 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ്) രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി ലഭിക്കുന്നതിനു മുമ്പ് കരാർ എടുത്ത ഏജൻസിക്ക് 6.50 ലക്ഷം രൂപ അഡ്വാൻസ് നൽകി പ്രോജക്ട് നടപ്പാക്കി. പ്രോജക്ട് നടപ്പാക്കിയതിനാൽ കോഓർഡിനേഷൻ കമ്മിറ്റി അംഗീകാരമില്ലാതെ സാങ്കേതികാനുമതി നൽകാൻ കഴിയില്ല എന്ന് ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നടപടിക്രമത്തിലെ ഈ പിഴവ് പരിഹരിക്കുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം -**

1) സാങ്കേതികാനുമതി വാങ്ങാതെ പ്രോജക്ട് നടപ്പാക്കിയത് ശരിയായില്ല എന്ന് കോഓർഡിനേഷൻ കമ്മിറ്റി വിലയിരുത്തി. ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് ഗ്രാമവികസന കമ്മീഷണർ വിശദീകരണം ആരായണം.
2) സാധൂകരണം നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ഡി)വകുപ്പ്
2) ഗ്രാമവികസന കമ്മീഷണർ

യോഗം വൈകിട്ട് 4.45-ന് അവസാനിച്ചു.

*************